# കോവിഡ് -19 പ്രതിരോധപ്രവർത്തനത്തിന് കുടുംബശ്രീയും

## ഉഴവൂർ ബ്ലോക്ക് മാഞ്ഞൂർ cds

---

**മാഞ്ഞൂർ കുടുംബശ്രീ സി ഡി എസ് ൽ 205 അയൽക്കൂട്ട ങ്ങളിൽ ആയി 3158 അംഗങ്ങൾ ആണ് ഉള്ളത്. ദുരിതാശ്വാസ പ്രവർത്തങ്ങളങ്ങൾ ചെയ്യുന്നതിൽ വളെരെ സജീവം ആയി പ്രവർത്തിക്കുന്ന അംഗങ്ങൾ ആണ്. സന്നദ്ധ പ്രവർത്തനം ചെയുവാൻ ഓൺലൈൻ പോർട്ടിൽ 342 അംഗങ്ങൾ രജിസ്റ്റർ ചെയിതിട്ടുണ്ട്.**

മുഖ്യമന്ത്രിയുടെ സഹായഹസ്തം

അയൽക്കൂട്ട അംഗങ്ങൾക്ക് പലിശ രഹിത വായിപ്പ ആയിട്ട് മുഖ്യമന്ത്രിയുടെ സഹായഹസ്തം വായിപ്പ പദ്ധതി അനുസരിച്ചു 132അയൽക്കൂട്ടങ്ങൾക് അർഹത മാനദണ്ഡം അനുസരിച്ചു പട്ടിക തയാറാക്കി 2374അംഗങ്ങൾക്ക് 8600000 രൂപ അനുവദിച്ചു നൽകി.

**സമൂഹ അടുക്കള**



സമൂഹ അടുക്കള മാർച്ച് 27നു ആരംഭിച്ചു. തുടർന്ന് 31ദിവസം തുടർന്നു. തുടക്കത്തിൽ 28 കുടുംബങ്ങൾക് ആണ് എത്തിച്ചു കൊടുത്തു. തുടർന്നു അഗതികൾ, അഥിതി തൊഴിലാളികൾ, കിടപ്പ് രോഗികൾ, ഒറ്റക്ക് താമസിക്കുന്നവർ, നിരീക്ഷണത്തിൽ ഉള്ളവർ എന്നിവക് സഹായം എത്തിക്കാൻ കഴിഞ്ഞു. ഒരു ദിവസം രണ്ട് നേരവും ആയിട്ട് 1458 പൊതി ചോർ വരെ എത്തിച്ചു കൊടുക്കാൻ സാധിച്ചിട്ടുണ്ട്. അങ്ങനെ തുടച്ചയായി 31ദിവസം കൊടുത്തു. തുടർന്നു ലോക്ക് ഡൌൺ ഇളവു കൾ വന്നതോട് കൂടി ഏറ്റവും അർഹത ഉള്ളവരെ മാത്രം നിലനിർത്തി ഭക്ഷണം ജാനകിയ ഹോട്ടൽ നിന്നും എത്തിച്ചു കൊടുക്കുന്നു. ഈ ദിവസങ്ങളിൽ ആണ് വിഷു, ഈസ്റ്റർ ദിനങ്ങൾ. ആയതിനാൽ ആ ദിനങ്ങളുടെ പ്രാദാന്യത്തെ ഓർക്കും വിധത്തിൽ പരമ്പരാഗത രീതിയിൽ ഉള്ള ഭക്ഷണം എത്തിച്ചു കൊടുക്കാൻ കഴിഞ്ഞു. തികച്ചും ഗ്രീൻ പ്രോട്ടോകോൾ പാലിക്കാൻ സാധിച്ചു. അതിനായി കുടുബശ്രീ അംഗങ്ങൾ അവരുടെ വീടുകളിൽ നിന്ന് വാഴയില സമാഹരിക്കുകയും. ഗൃഹാതുരുത്വം ഉണർന്നു വിധത്തിൽ നാടൻ രീതിയിൽ ഭക്ഷണം പാകം ചെയുകകയും ചെയ്തു.



തിരിച്ചു പരസ്പരം സഹകരണം തോട് കൂടി സന്നദ്ധ പ്രവർത്തനം ചെയ്യാൻ തയാറായി 25കുടുബശ്രീ അംഗങ്ങൾ ആണ് ഈ പ്രവർത്തനത്തിൽ പങ്കളികൾ ആയത്. അതോടൊപ്പം തന്നെ ഹോം ഡെലിവറി നടത്താൻ 20കുടുബശ്രീ കുടുബാംഗങ്ങൾളുടെ യും സജീവ സാനിധ്യം ഉണ്ടായിരുന്നു. രാവിലെ 7മുതൽ രാത്രി 8വരെ  എല്ലാവരും കർമനിരത്തായിരുന്നു. കോവിഡ് -19 ആയി ബന്ധപെട്ടു സർക്കാരിന്റെ എല്ലാം നിർദേശങ്ങളും പാലിച്ചു കൊണ്ട് ആണ് അവർ പ്രവർത്തിച്ചത്. കൂടാതെ ആരോഗ്യ പ്രവർത്തകരുടയും പഞ്ചായത്തിന്റെയും ജനമൈത്രി പോലീസിന്റെയും എല്ലാം വിധ സഹായങ്ങളും നിർദ്ദേശങ്ങൾ ളും ലഭിക്കുന്നുണ്ടായിരുന്നു. പഞ്ചായത്ത് ഭരണ സമിതി യുടേയും മറ്റ് അംഗങ്ങളുടെയും നിസീമമായ സഹകരണം സമൂഹ അടുക്കളയുടെ വിജയകരമായ നടത്തിപ്പിന് ഏറെ സഹായിച്ചു. നിരവധി സുമനസ്സുകളുടെ സഹായവും ലഭിക്കും. പഞ്ചായത്ത് പ്രസിഡന്റ് മറ്റ് മെംബേർമാരുടെയും സഹകരണത്തോടെ ആണ് സമൂഹ അടുക്കള വിജയകരമായ രീതിയിൽ പ്രവർത്തിക്കാൻ സാധിച്ചത്.

കോവിഡ് -19 പ്രതിരോധപ്രവർത്തനങ്ങൾ

കുടുബശ്രീ സംരഭ യുണിറ്റ്കളിൽ നിന്നും മാസ്ക് നിർമ്മിച്ച് നൽകാൻ സാധിച്ചു. 3 സംരഭ യൂണിറ്റ് കളിൽ നിന്ന് 30അംഗങ്ങൾ ചേർന്ന് 4 ദിവസം കൊണ്ട് 13500 മാസ്ക്

നിർമിച്ചു നൽകാൻ സാധിച്ചു. അത് പഞ്ചായത്ത് പരിധിയിൽ ഉള്ള എല്ലാം വീടുകളിലും ആയി എത്തിച്ചു കൊടുക്കാനും



സാധിച്ചു. കൂടാതെ **5975** മാസ്ക് ഓർഡർ അനുസരിച്ചു നിർമിച്ചു നൽകുകയും ചെയ്തു വരുന്നു.




കുടുബശ്രീ ജില്ലാ മിഷൻ നിൽ നിന്നും പരിശീലനം ലഭിച്ചതിനെ തുടറ്ന്നു 5അംഗങ്ങൾ അടങ്ങുന്ന സംരഭ യൂണിറ്റ് 250 ഓളം സാനിറ്റീസെർ നിർമ്മിച്ച് എല്ലാം അയൽക്കൂട്ടങ്ങൾക്കും നൽകുക ഉണ്ടായി.

തുണി സഞ്ചികൾ നിർമ്മിച്ച് സപ്ലൈകോയിക്ക് നൽകുന്നത്തിനു സാരഭ യൂണിറ്റ് കൾക്ക് സാധിച്ചു..36509 തുണി സഞ്ചികൾ ആണ് ഇത് വരെ നൽകിയിട്ടുള്ളത് കൂടാതെ പി പി കിറ്റ് ഓർഡർ അനുസരിച്ചു എൻ കെയർ കമ്പനിക് വേണ്ടി നിർമിച്ചു നൽകുന്നുണ്ട്.

## ടെലി കൗൺസിലിംഗ്

സ്നേഹിതാ കാളിങ് ബെൽ അംഗങ്ങൾ ആയ 72 പേരെയു ഫോണിൽ വിളിച്ചു വേണ്ട മാർഗനിർദേശങ്ങൾ നൽകുക ഉണ്ടായി. തുടർന്നു വാർഡ് തലത്തിൽ ഇതു മായി ബന്ധപെട്ടു അനുഭവിക്കുന്ന ബുദ്ധിമുട്ട്കൾ ശ്രദ്ധയിൽ പെടുത്താനും അതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് cds നു സാധിച്ചു. അവരുടെ നിത്യോപയോഗ സാധനങ്ങളും മരുന്ന് കളും അടങ്ങുന്ന കിറ്റ്കൾ വീടുകളിൽ എത്തിക്കാൻ സാധിച്ചു.

അഗതി കുടുബങ്ങളുടെ ആവശ്യം മുൻനിർത്തി കൊണ്ട് ഭക്ഷണപ്പൊതി എത്തിച്ചു കൊടുക്കുകയും മറ്റ് ആവശ്യസാധനകളും മരുന്ന് കളും എത്തിച്ചു കൊടുക്കാൻ മുൻകൈ എടുക്കുകയും ചെയ്തു.

കുടുബശ്രീ ജില്ലാമിഷൻ നിർദേശം പ്രകാരം അഗതി കുടുബങ്ങളിലെ അംഗങ്ങൾക്ക് മാനസിക പിന്തുണ നൽകാൻ cds തലത്തിൽ 3 പേരെ നിയോഗിച്ചു അവർക്ക് ആവശ്യംആയ എല്ലാം സഹായങ്ങളും നൽകാൻ സാധിച്ചു.

കോവിഡ് മായി ബന്ധപെട്ടു നിരീക്ഷണത്തിൽ കഴിയുന്ന 16 അംഗങ്ങളെയും വിളിച്ചു മാനസിക പിന്തുണ നൽകാനും, മറ്റ് അത്യാവശ്യം സഹായങ്ങൾ എത്തിച്ചു കൊടുക്കാനും GRC പ്രവർത്തനം കൊണ്ട് സാധിച്ചു കൂടാതെ വയോജനങ്ങൾക് വേണ്ട മാനസിക പിന്തുണ നൽകുന്നതിനും സാധിച്ചു. .

## കാർഷിക മേഖല

കാർഷിക മേഖലയിലെ സംഘകൃഷി ഗ്രൂപ്പ്കൾക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനും മാനസിക പിന്തുണ nalkuന്നതിനു സാധിച്ചു.



സമൂഹ  അടുക്കളയിൽ ആവശ്യം വേണ്ട പച്ചക്കറികൾ എത്തിച്ചു നൽകാൻ സംഘകൃഷി ഗ്രൂപ്പ്കൾ സന്നധരായി.. കുടുബശ്രീ അംഗങ്ങൾക്കായി ഓൺലൈൻ അടുക്കത്തോട്ടം മത്സരവും, പാചക മത്സരവും സംഘടിപ്പിച്ചു. സമൂഹ അടുക്കളയിൽ ആവശ്യം വേണ്ട വാഴയില ശേകയരിച്ചു നൽകുന്നതിനും സംഘകൃഷി ഗ്രൂപ്പ്കൾ മുൻകൈ എടുത്തു. അടുക്കത്തോട്ടം ഓൺ ലൈൻ മത്സരത്തിൽ നിരവധി പേര് പങ്കെടുത്തു. ലോക്ക് ഡൌൺ കാലഘട്ടത്തിൽ നിരവധി പേർക്ക് ചക്ക, മാങ്ങാ വിഭവങ്ങളുടെ പാചകമത്സരം പ്രേയോചനകരമായി.

ജനകിയഹോട്ടൽ

ജനകീയ ഹോട്ടൽ ബഹുമാനപെട്ട MLA യുടെ സാന്നിധ്യത്തിൽ മെയ് 7ന് പ്രവർത്തനം ആരംഭിച്ചു. കോട്ടയം ജില്ലയിലെ ക്വാറന്റൈൻ കേന്ദ്രം ആയ തുവാനിസ റിട്രീറ്റ് സെന്റ്ൽ കഴിയുന്ന 54 പേർക്കും എല്ലാ ദിവസവും ഭക്ഷണം എത്തിച്ചു കൊടുകുന്നു കൂടാതെ പാർസൽ ആയിട്ട് ആവശ്യക്കാർക്കു മേടിക്കാനും ഉള്ള സൗകര്യം ഉണ്ട്. തുടർന്നു വളരെ സജീവ മായ രീതിയിൽ മുന്നോട്ടു കൊണ്ട് പോകാനും ഉദ്ദേശിക്കുന്നുണ്ട്.



വാർഡ്തല പ്രവർത്തനങ്ങൾ



കുടുംബശ്രീ അംഗങ്ങളുടെ നെത്രത്വതത്തിൽ എല്ലാം വാർഡിലും സൂചികരണ പ്രവർത്തനം നടത്താൻ സാധിച്ചു. കൂടാതെ 45കുടുംബങ്ങൾക്കു ആവശ്യം ആയ പച്ചക്കറി കിറ്റ് വിതരണം ചെയിതു. ആരോഗ്യ പ്രവർത്തകരുടെയും പോലീസിന്റെയും സാഹത്തോടെ വാർഡ് തലത്തിൽ കോവിഡ് -19 പ്രീതിരോധ പ്രവർത്തനത്തിനായി ജാഗ്രത സമിതി രൂപികരിച്ചു.

ബിനിത സെബാസ്റ്റ്യൻ

Mksp Bc,